
Monthly Price: 4 Year: 2011



# பைபிள் ட்ரூத்

# THE BIBLE TRUTH

## മനുഷ്യന്റെ ആത്മാവിന്റെ വഴികൾ-സഭാപ്രസംഗി 12: 7

**നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്നു വരുന്നു.**
**എബ്രായർ 12.9**

അവന്റെ രൂപത്തിൽ നമ്മുടെ ആത്മാവിനെ മെനഞ്ഞിരിക്കുന്നു-1കൊരിന്ത്യർ 15:49

ആദാമിൽനിന്നും എല്ലാവരും വന്നു-പ്രവൃത്തി.17:26
നാം അവനെ പോലെയാകുന്നു.

↓

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു-1കൊരിന്ത്യർ 13:11
ദൈവരാജ്യം അങ്ങനെയുള്ളവരുടേതല്ലോ.
ലൂക്കൊസ് 18:16.

↓

ആത്മാവിന്റെ പക്വതാ നടപടി (മനസ്, ഹൃദയം, മനസാക്ഷി) ശരീരത്തിന്റേയും.

പാപം ആത്മീയ മരണത്തെ കൊണ്ടുവരുന്നു-
റോമർ 5:12

നന്മതിന്മകളെകുറിച്ചുള്ള അറിവു എല്ലാവരിലും ഉള്ളതുകൊണ്ട് നാമെല്ലാം പാപം ചെയ്യുന്നു- ഉല്പത്തി. 3:22; 1കൊരിന്ത്യർ 15:22; റോമർ 3:23

---

ഈ സമയത്ത് രണ്ട് പോയിന്റ്:

1. തിന്നുവാനും കുടിക്കുവാനും ആനന്ദിക്കുവാനും തുടങ്ങുന്നു 1കൊരിന്ത്യർ 15:32. — മോശം

   ഫലം: റോമർ 1:18-22; എഫേസ്യർ 4:17-19. 1കൊരിന്ത്യർ 6:9,10
2. പ്രവൃത്തി 2:38; 1കൊരിന്ത്യർ 6:11 →

**പുതിയ ജനനം**
**1പത്രോസ് 1:22, 23**

ദൈവവചനം കേൾക്കുന്നു അത് വിശ്വസിക്കുന്നു
റോമർ 10:13-15

↓

മാനസാന്തരപ്പെട്ട് പുതിയ നിയമത്തെ സ്വീകരിക്കുന്നു-
പ്രവൃത്തി. 3:19;
എബ്രായർ 8:10-12

↓

യേശുവിനോടുചേരുവാൻ സ്നാനം ഏല്ക്കുന്നു- പ്രവൃത്തി. 8:34-39; റോമർ 6:5-11.

↑

കഴുകുന്നു, വിശുദ്ധീകരിക്കുന്നു, നീതീകരിക്കപ്പെടുന്നു

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 26** **December 2011** **No.9**


# എഡിറ്റോറിയൽ

ജലപ്രളയം, ഭൂകമ്പം, ക്ഷാമം, മഹാ വ്യാധി, യുദ്ധം എന്നിവ പഴയ നിയമകാലത്ത് ദൈവം തന്നോട് എതിർത്ത ദേശത്തെ ശിക്ഷിക്കുവാനായി ഉപയോഗിച്ചിട്ടുണ്ട്. പ്രകൃതിയും മനുഷ്യരും സകലജീവചാലങ്ങളും ദൈവത്തിന്റെ സൃഷ്ടിയാണ്. ദൈവം എല്ലാം നിർമ്മിച്ചതിന്റെ പിന്നിൽ ഒരു ഉദ്ദേശമുണ്ട്. അത് മനസിലാക്കേണ്ടത് മനുഷ്യരാണ്. കാരണം മനുഷ്യർക്ക് ഉപയോഗിക്കേണ്ടതിനാണ് ദൈവം മറ്റെല്ലാം ഉണ്ടാക്കിയത്. മനുഷ്യർക്കുള്ള പ്രത്യേകത എന്തെന്നാൽ അവർ ദൈവസാദൃശ്യത്തിൽ ആണ് സൃഷ്ടിക്കപ്പെട്ടത് എന്നതാണ്. മനുഷ്യരും ദൈവവും തമ്മിലുള്ള ബന്ധം ആത്മിയമാണ്. നമ്മിലുള്ള ആത്മാവ് ദൈവത്തിൽനിന്നു ലഭിച്ചതാണ്. ശരീരം പൊടിയിൽനിന്നുണ്ടാക്കപ്പെട്ടതാണ്. അതുകൊണ്ട് അത് പൊടിയിലേക്ക് തിരികെ ചേരണം.

ദൈവം നീതിമാനാണ്. മനുഷ്യൻ ദൈവകൽപന അനുസരിച്ച് ജീവിക്കുവാനാണ് നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നത്. അത് നാം ആരും മറക്കരുത്. പക്ഷെ പലപ്പോഴും നമ്മുടെ നന്മക്കു വേണ്ടി കൽപിച്ചിരിക്കുന്ന കൽപനകളും ഉപദേശങ്ങളും നാം മറക്കുകയും അതിനു വിരുദ്ധമായി ജീവിക്കുകയുമാണ് ചെയ്യുന്നത്. അതേ സമയം നാം അതിന്റെ അനന്തരഫലം അനുഭവിക്കണം. അതിൽനിന്നു നമുക്ക് ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല. ലോകത്തിൽ പലതും നമ്മെ പ്രലോഭിപ്പിക്കയും ആകർഷിക്കയും ചെയ്യുന്നതിന്റെ ഫലമായി നാം പരീക്ഷണങ്ങൾക്ക് വിധേയരാകുന്നു. ചിലർ അജ്ഞതയാൽ അബദ്ധത്തിൽ കുടുങ്ങുന്നുണ്ട്. എങ്ങനെയായാലും നാം പ്രപഞ്ചനിയമങ്ങളെ ലംഘിച്ചാലും അതിന്റെ അനന്തരഫലം അനുഭവിക്കാതെ തരമില്ല.

ദൈവം കരുണയും കൃപയുമുള്ളവനാണ്. അതോടൊപ്പം അവൻ നീതിമാനുമാണ്. അതുകൊണ്ട് തെറ്റിനെ ശിക്ഷിക്കാതെ വിടുകയില്ല. ദൈവനിയമത്തെ ധിക്കരിക്കയും അനുസരിക്കാതിരിക്കയും ചെയ്യുന്ന മനുഷ്യരെ ദൈവകോപം ബാധിക്കുകതന്നെ ചെയ്യും. പക്ഷെ മനുഷ്യർ തങ്ങളുടെ കുഴപ്പം എന്തുകൊണ്ടുണ്ടാകുന്നു എന്നത് തിരിച്ചറിയുന്നില്ല എന്നതാണ് പ്രശ്നം. ഭൂകമ്പത്തെയും ജലപ്രളയത്തെയും ആളുകൾ പ്രകൃതി ക്ഷോഭമായി മാത്രം കാണുന്നു. അതിനപ്പുറത്തേക്ക് അവരുടെ ചിന്ത പോകുന്നില്ല. നമ്മുടെ നിലനിൽപ്പിന് ഒരു തെറ്റും ആവശ്യമില്ല എന്നതാണ് സത്യം. മറിച്ച് ശരിയായ ജീവിതവഴി ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. അതാണ് ആളുകൾ മനസിലാക്കേണ്ടത്.

സത്യവാനായ ദൈവം പരിശുദ്ധനുമാണ്. പാപം അവൻ വെറുക്കുന്നു. ദൈവത്തോട് അടുക്കുവാൻ അശുദ്ധി പാടില്ല. അകൃത്യമാണ് മനുഷ്യരെ അശുദ്ധരാക്കുന്നത്. നീതി മാത്രം ചെയ്തു ജീവിക്കുന്ന ഒരു നീതിമാനും ഭൂമിയിലില്ല. അതുകൊണ്ടാണ് മനുഷ്യരെ രക്ഷിപ്പാൻ കർത്താവ് മനുഷ്യനായി ഭൂമിയിലേക്ക് ഇറങ്ങി വന്നത്. പാപത്തിന്റെ കഠിനമായ ശിക്ഷ നമുക്കായി അവൻ ഏറ്റെടുത്ത് ക്രൂശിൽ അതു ആസ്വദിക്കയും ചെയ്തു. അങ്ങനെ ഭൂമിയിൽ ജീവിക്കുന്ന ഏതൊരു വ്യക്തിയേയും നിത്യശിക്ഷയിൽ നിന്ന് ഒഴിവാക്കുവാൻ ദൈവം ഒരു കരുണാവഴി ഒരുക്കി. ഇന്ന് ആ വഴി സ്വീകരിച്ച് ജീവിക്കുന്നവർക്ക് ദൈവത്തിന്റെ വീണ്ടെടുപ്പ് അനുഭവിക്കുവാൻ കഴിയും. അതിനെ തള്ളിക്കളഞ്ഞ് ലോകവഴി സ്വീകരിച്ചിരിക്കുന്നവർക്ക് യേശുവിന്റെ വരവിൽ നിത്യശിക്ഷാവിധി നേരിടേണ്ടി വരും. നിങ്ങൾ ക്രിസ്തുവിന്റെ രക്ഷാമാർഗം സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്ന് തന്നെ കർത്താവിൽ വിശ്വസിച്ച് പാപങ്ങളിൽനിന്ന് മാനസാന്തരപ്പെട്ട് വചനപ്രകാരം സ്നാനമേൽക്കുക. തുടർന്ന് അവന്റെ സഭയിൽ മരണത്തോളം വിശ്വസ്തമായി ജീവിക്കുകയും അവനെ ആരാധിച്ച് സേവിച്ച് കഴിയുകയും വേണം. എല്ലാ മാന്യ വായനക്കാർക്കും നവവൽസരാശംസകൾ.

✶

# ആരാണു നഷ്ടപ്പെടുന്നത്?

## *J.C* ചോട്ട്

നാം ജീവിക്കുന്നത് ഏതുതരം ലോകത്തിലാണ്? നല്ലതോ മോശമായതോ? നിങ്ങൾക്ക് അറിവുള്ള ആളുകൾ? നിങ്ങളുടെ സ്നേഹിതന്മാർ? നിങ്ങളുടെ കൂടെ ജോലിചെയ്യുന്നവർ, നിങ്ങൾക്ക് ചുറ്റും താമസിക്കുന്നവർ? നിങ്ങൾ എങ്ങനെ അവരെ തരംതിരിക്കും?ഒരു പക്ഷെ നിങ്ങൾ ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചു ഒരിക്കലും ചിന്തിച്ചിരിക്കാനിടയില്ല. നിങ്ങൾ ചിന്തിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് വിഷമമുണ്ടായിക്കാണും. എന്നാൽ നിങ്ങളോ? നിങ്ങൾ ഏതു വിധത്തിലുള്ള ആളാണ്? എല്ലാവരും നിങ്ങളെ പോലെ ആയാലോ? ലോകം അങ്ങനെയായാൽ നന്നാവുമോ അതോ മുൻപിലുണ്ടായിരുന്നതിനേക്കാൾ വഷളായി തീരുമോ?

ഭൂഗോളത്തിനു ചുറ്റും എല്ലാ തരത്തിലുമുള്ള ആളുകളുണ്ട്. മതപരവും അല്ലാത്തതുമായ ആളുകളാണ് അവർ. ധാർമ്മികമായി നോക്കിയാൽ നല്ല ആളുകളുണ്ട്; വളരെ ദുഷ്ടന്മാരായവരുമുണ്ട്. "സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു" എന്നാണ് ബൈബിൾ പറയുന്നതു (1യോഹന്നാൻ 5:14). സകല മനുഷ്യരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായിത്തീർന്നു എന്നു അപ്പൊസ്തലനായ പൗലോസ് പറയുന്നു (റോമർ 3:23). അതിന്റെ അർത്ഥം തിരിച്ചറിവിൽ എത്തിയ എല്ലാവരും ലോകത്തിൽ പാപികളായിത്തീർന്നു, അതു കൊണ്ട് വരുവാനുള്ള ലോകത്തിലെ പ്രത്യാശ ഇല്ലാത്തവരായി മാറി. ലോകത്തിൽ ജീവിക്കുന്ന ആളുകളിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽ പെടുന്നു എന്നതു എത്ര ഖേദകരമായ ഒന്നാണെന്ന് ചിന്തിച്ചു നോക്കുക.

എങ്ങനെയായാലും ധാരാളം ആളുകൾ, അവർ പാപത്തിൽ നഷ്ടപ്പെട്ടവരാണെന്നോ ദൈവവും പ്രത്യാശയും ഇല്ലാത്തവരാണെന്നോ കരുതുന്നില്ല. അവർ മനസിലാക്കിഎന്നതു ഒരു പരമാർത്ഥം മാത്രമാണ്. ആകയാൽ നമുക്കു, ഈ നഷ്ടപ്പെട്ടവർ ആരാണെന്നും അവരെ സഹായിക്കുവാൻ നമുക്കു എന്തു ചെയ്യുവാൻ കഴിയുമെന്നും അടുത്തു പരിശോധിക്കാം. അവരുടെ നിലവാരത്തിനു മാറ്റം വരുത്തുവാൻ എന്താണ് ആവശ്യം എന്നു കൂടെ കണക്കിലെടു

ക്കാം.

ആദ്യമായി, ലോകം മുഴുവൻ മൊത്തത്തിൽ പാപത്തിലാണ്, ഇരുട്ടിലാണ്, ദുഷ്ടതയിലാണ് എന്ന കാര്യത്തിലേക്ക് വരുമ്പോൾ എല്ലാവരും രക്ഷിക്കപ്പെടാത്തവരും നഷ്ടപ്പെട്ടവരുമാണ് എന്നു പറയാവുന്നതല്ല. ഉദാഹരണമായി ഒരു ശിശു ഈ ലോകത്തിൽ ജനിക്കുമ്പോൾ അവനോ അവളോ പാപം ഇല്ലാതെ വിശുദ്ധമായ അവസ്ഥയിലാണ് വരുന്നത്. അവർ തിരിച്ചറിവിന്റെ പ്രായമെത്തുന്നതുവരെ ആ രീതിയിൽ നിലനിൽക്കുകയും ചെയ്യും. അതു കൊണ്ടാണ് ഒരാൾക്ക് ദൈവരാജ്യത്തിൽ അഥവാ സഭയിൽ പ്രവേശിക്കണമെന്നുണ്ടെങ്കിൽ ശിശുക്കളെപോലെ ആയി തീരണം എന്നു ക്രിസ്തു പഠിപ്പിച്ചതു (മത്താ. 18:1-5). അതിലധികമായി ആ അവസ്ഥയിൽ തന്നെ ആ ശിശു ആണായാലും പെണ്ണായാലും മരിച്ചുപോയാൽ സ്വർഗ്ഗത്തിൽ പോകും എന്നതിനു സംശയമില്ല. പക്ഷെ ആ കുഞ്ഞ് വളർന്നു പക്വതയിൽ എത്തുന്ന സാഹചര്യത്തിൽ, തിന്മയിൽ നിന്നു നന്മ വേർതിരിച്ചറിയാറാവുമ്പോൾ അവനും അവളും, തങ്ങളുടെ പ്രവൃത്തികൾക്കു കണക്കു കൊടുക്കേണം. അതുകൊണ്ട് അവരെ പാപികളായി തരം തിരിക്കാം.

ഈ തിരിച്ചറിവിന്റെ പ്രായമെത്തിയ ഒരാൾ ദൈവഹിതം മനസിലാക്കുവാൻ വചനം വായിച്ച് പഠിക്കുകയോ സുവിശേഷം കേൾക്കുകയോ ചെയ്തു ദൈവ കൽപന അതേപടി അനുസരിക്കുന്നുവെങ്കിൽ അയാൾ രക്ഷിക്കപ്പെടും. "നിങ്ങൾ ലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ: വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15,16). ആ രീതിയിൽ തന്നെ അയാൾ കർത്താവിൽ വിശ്വസ്തതയോടെ ജീവിക്കുകയാണെങ്കിൽ അയാൾ രക്ഷിക്കപ്പെട്ട അവസ്ഥയിലാണെന്നു ഉറപ്പിച്ചു പറയാം. മരണപര്യന്തം വിശ്വസ്തനായിരുന്നാൽ ജീവകിരീടം തരാമെന്നു കർത്താവു തന്നെ പറഞ്ഞിട്ടുണ്ട് (വെളിപ്പാട് 2:10).

ഇനി നമുക്കു നഷ്ടപ്പെട്ടവരുടെ അടുക്കലേക്കു മടങ്ങിവരാം. അവരുടെ ചില അടയാളങ്ങൾ നോക്കി ചിലരെ തിരിച്ചറിയാം. മുമ്പ് പറഞ്ഞതുപോലെ നന്മയും തിന്മയും തിരിച്ചറിയുന്ന പ്രായത്തിൽ

എത്തുന്ന ഒരാളാണ് പാപിയായി അറിയപ്പെടുന്നതു. എന്നാൽ സുവിശേഷം ഒരിക്കലും കേൾക്കാത്തവരോ? ദൈവേഷ്ടം അറിയാത്തവരോ? അജ്ഞത ഒരു ഒഴിവു കഴിവായി നമ്മുടെ കർത്താവ് അംഗീകരിക്കയില്ല. അപ്പൊസ്തലനായ പൗലോസ് ഇതിനെക്കുറിച്ച് മുന്നറിയിച്ചിട്ടുണ്ട്. ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നതു ദൈവ സന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2തെസലോനിക്യർ 1:7–10). അജ്ഞതവെച്ചു കൊണ്ടിരുന്നാൽ അവസാനം ന്യായവിധിനാളിൽ യാചിച്ചു രക്ഷപ്പെടാമെന്ന് വിചാരിക്കരുത്. ഒരു രാജ്യത്തിന്റെ നിയമമായാലും അറിഞ്ഞില്ല എന്നു പറഞ്ഞാൽ ശിക്ഷിക്കാതെ വിടുകയില്ല. അതുപോലെ തന്നെയാണ് ദൈവീക നിയമവും.

നല്ല ധാർമ്മിക ജീവിതം നയിക്കുന്നവർ നഷ്ടപ്പെട്ടവരാണ്: അവർ തങ്ങളുടെ സൽപ്രവൃത്തിയിൽ മാത്രം ഒതുങ്ങി നിന്നാൽ മതി എന്നു ചിന്തിച്ച് ജീവിച്ചാൽ കൊർന്നെല്യോസും അവന്റെ ഗൃഹവും മാനുഷികമായി നല്ല ജീവിതം നയിച്ചവരായിരുന്നു. പ്രവൃത്തി 10,11 എന്നീ അദ്ധ്യായങ്ങൾ പരിശോധിച്ചാൽ അതു വ്യക്തമാകും. പക്ഷെ അവർ രക്ഷിക്കപ്പെടുവാൻ സുവിശേഷം കേൾക്കുകയും അനുസരിക്കയും വേണ്ടിയിരുന്നു. സൽപ്രവൃത്തി ചെയ്തുകൊണ്ട് ഒരാൾ രക്ഷിക്കപ്പെടും എന്നു ആശിച്ചാൽ രക്ഷിക്കപ്പെടുകയില്ല. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെസ്യർ 2:8,9). അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല; തന്റെ കരുണ പ്രകാരമത്രേ രക്ഷിച്ചത്. പക്ഷെ ഒരാൾ നല്ല ധാർമ്മികജീവിതം നയിച്ച്

സൽപ്രവൃത്തികൾ ചെയ്യുമ്പോൾ ആ വ്യക്തി എങ്ങനെ പാപത്തിൽ നഷ്ടപ്പെട്ടവനാകും.? കാരണം വളരെ ലളിതമാണ്. നമ്മുടെ പ്രവൃത്തികൾ നോക്കിയല്ല നമ്മെ ദൈവം രക്ഷിക്കുന്നത്, മറിച്ച് ക്രിസ്തു മുഖാന്തരമാണ്. സ്വർഗ്ഗത്തിലേക്കു പോകുവാൻ മനുഷ്യൻ തന്നിൽ തന്നെയോ തന്റെ പ്രവൃത്തികളിലോ ആശ്രയിക്കരുതു. അങ്ങനെ ചെയ്താൽ അതു അസാദ്ധ്യമാണ്. ഒരാൾ എത്ര നല്ലവനാണെങ്കിലും അയാൾക്കു പൂർണ്ണമായും പാപരഹിതമായ ജീവിതം നയിക്കാൻ പ്രയാസമാണ്. ഒരു തെറ്റുപോലും ചെയ്യാതെ ആർക്കും ജീവിക്കുക എളുപ്പമല്ല. മനുഷ്യൻ ബലഹീനനാണ്. ജഡമാണ്, തെറ്റു പ്രവർത്തിക്കുന്നവനാണ്. അതുകൊണ്ട് ഏക രക്ഷകനായ ക്രിസ്തുവിലും അവന്റെ രക്ഷയിലും എല്ലാവരും ആശ്രയിക്കണം. മനുഷ്യർ നല്ല ജീവിതം നയിച്ച് രക്ഷപ്രാപിക്കുവാൻ കഴിയുമായിരുന്നെങ്കിൽ ക്രിസ്തു പാപപരിഹാരയാഗമായി തീരേണ്ട ആവശ്യം ഉണ്ടായിരുന്നില്ലല്ലോ.

ഭൂരിഭാഗം മതപരമായ ആളുകളും നഷ്ടപ്പെട്ടവരാണ്..... പൊതുവായി മതപരമായ ആളുകളെക്കുറിച്ച് പറയുമ്പോൾ ഇന്നത്തെ മതഭക്തിയിൽ ഉൾപ്പെടുന്ന എല്ലാവരും അതിൽ പെടും. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരും അവനെ അനുഗമിക്കുന്നു എന്ന് അവകാശപ്പെടുന്നവരും ഉൾപ്പെടും. അധികം പേരും യേശുക്രിസ്തുവിന്റെ ഉപദേശത്തിനു പകരം മനുഷ്യരുടെ ഉപദേശമാണ് പിൻപറ്റുന്നതു. കർത്താവ് അങ്ങനെയുള്ളവരോടു പറയുന്നു:"എന്നോടു കർത്താവേ കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും നിന്റ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും (മത്തായി 7:21-23). അപ്പോസ്തലന്മാരുടെ വാക്കുകൾ ശ്രദ്ധിക്കുമ്പോൾ, സഹോദരൻമാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളേയും ഇടർച്ചകളേയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചു കൊള്ളേണമെന്നു

ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറ്റിനെയത്രേ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു.(റോമർ. 16:17,18) എന്നു പഠിക്കുന്നു. അതുകൊണ്ടു മതഭക്തിയുള്ളവരാണ് എന്നതു കൊണ്ടുമാത്രം രക്ഷിക്കപ്പെടും എന്നു വിചാരിക്കരുതു. നിങ്ങൾ ചില മനുഷ്യരുടെ ഉപദേശങ്ങളെ, അല്ലെങ്കിൽ അവരുടെ പാരമ്പര്യമായ ആചാരങ്ങളെയാകാം പ്രമാണിക്കുന്നതു. ബൈബിളിൽ വായിക്കാത്ത ഒരു സഭയിലായിരിക്കാം നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നതു. നിങ്ങൾ അറിയപ്പെടുന്നത് ക്രിസ്തുവിന്റെ പേരിനു പകരം മറ്റൊരു പേരിലായിരിക്കാം. മനുഷ്യകൽപനകളും സമ്പ്രദായങ്ങളും അനുസരിച്ചായിരിക്കും. നിങ്ങൾ എത്ര മതഭക്തിയുള്ളവനാണോ എന്ന് നോക്കിയല്ല മറിച്ച് നിങ്ങൾ കർത്താവിന്റെ കൽപനകൾ അനുസരിക്കുന്നോ എന്നതാണ് രക്ഷിക്കുവാനുള്ള അവന്റെ ഉപാധി.

കർത്താവിനാൽ രക്ഷിക്കപ്പെട്ട് അവന്റെ ഭവനത്തിൽ അംഗമായി തീരാഞ്ഞാൽ രക്ഷിക്കപ്പെടുകയില്ല. മതപരമായി നിങ്ങൾ എവിടെ നിൽക്കുന്നു എന്നു നിങ്ങളെ തന്നെ പരിശോധിക്കുക. വഞ്ചിക്കപ്പെടുവാനും തെറ്റായി നയിക്കപ്പെടുവാനും സാദ്ധ്യതയുണ്ട്. അതു നിങ്ങൾക്കു സംഭവിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.

ലൗകീകരായ ആളുകൾ, സത്യസന്ധതയില്ലാത്തവരും മറ്റെല്ലാ തെറ്റുകളും മോശമായ കാര്യങ്ങളും ചെയ്യുന്ന നഷ്ടപ്പെട്ടവരാണ്. അവർ ദൈവത്തിന്റേയും മനുഷ്യരുടേയും കൽപനകൾ ലംഘിക്കുന്നവരാണ്. ഈ ആളുകളിൽ മുഖ്യപങ്കും ലോകത്തിന്റെ തടവിലാണ്. പക്ഷെ അവരിൽ മല്ലൊരു ഭാഗവും റോഡിൽകൂടെ നടക്കയും, നമുക്കു ചുറ്റും പാർക്കയും, കച്ചവടത്തിലും രാഷ്ട്രീയത്തിലും സ്വീകാര്യമായ മറ്റു ജോലികളിലും വ്യാപൃതരായിത്തീരുന്നു. ഇവരെല്ലാം ജഡത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരാണ് (ഗലാത്യർ 5:19 –21). അതോടൊപ്പം ഈ ആളുകൾ തങ്ങളുടെ പ്രവൃത്തികൾക്കു തക്ക ഫലം അനുഭവിക്കേണ്ടതാണ്. ഈ ലോകത്തിലോ വരുവാനുള്ള ലോകത്തിലോ അതുമല്ലെങ്കിൽ രണ്ടു സ്ഥലത്തും അതിന്റെ അനന്തരഫലം അനുഭവിക്കേണ്ടി വരും. പാപത്തിന്റെ ശമ്പളം മര

ണമെന്ന് പൗലോസ് നമ്മെ ഉൽബോധിപ്പിക്കുന്നു. തിന്മ ചെയ്യുന്നവൻ ന്യായവിധിക്കായി ഉയർത്തെഴുന്നേൽക്കും എന്നാണ് കർത്താവ് മുന്നറിയിച്ചതു (യോഹന്നാൻ 5:28,29). കർത്താവും ദൈവജനവും മാനസാന്തരപ്പെടുവാൻ പ്രബോധിപ്പിക്കുന്നു (ലൂക്കൊസ് 13:3). അതുപോലെ രക്ഷിക്കപ്പെടുവാൻ ദൈവത്തെ അനുസരിക്കുക (എബ്രായർ 5:8,9). എന്റെ സ്നേഹിതരേ, ക്രിസ്തു നിങ്ങളെ രക്ഷിപ്പാൻ വന്നു നിങ്ങൾ രക്ഷപ്രാപിക്കേണ്ടതിനു അവൻ മരിച്ചു (1തിമൊഥെയൊസ് 1:5). അവനെയും അവന്റെ രക്ഷയെയും തള്ളിക്കളയരുതു (വെളിപ്പാട് 22:14).

അവസാനമായി, കർത്താവിന്റെ സ്വന്ത ജനത്തിൽ ഒരു ശതമാനം പേർ നഷ്ടപ്പെട്ടവരാണ്; നിത്യമായി നഷ്ടപ്പെടുന്നവരുമായിരിക്കും; എന്തുകൊണ്ട്? കാരണം അവർ പാപത്തിലേക്കു പിന്തിരിയുന്നു; അവിശ്വസ്തരായി കർത്താവിൽ നിന്നും അകന്നുപോകുവാൻ ലോകത്തിന്റെ ആകർഷക വലയത്തിൽ കുടുങ്ങി തോറ്റുപോകയാണ്. മുടിയനായ പുത്രന്റെ കഥ യേശു നമ്മെ പഠിപ്പിക്കുന്നുണ്ട്. ഒരിക്കൽ അവൻ പിതാവിനോടുകൂടെ ആയിരുന്നു. എന്നാൽ തന്റെ അവകാശമെല്ലാം ലോകപ്രകാരമുള്ള പാപജീവിതത്തിനായി അവൻ ചെലവിടുന്നു. എന്നാൽ അവൻ തന്റെ അവസ്ഥ തിരിച്ചറിഞ്ഞതും മടങ്ങി ചെന്നതും എങ്ങനെ എന്നു വിശദമാക്കിയിട്ടുണ്ട് (ലൂക്കൊസ് 15:11 -32). ക്രിസ്തുവിനെ വിട്ടു പോകുന്നവരെ സംബന്ധിച്ച് പത്രൊസ് എഴുതിയിരിക്കുന്നു: കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്കു എല്പിച്ചു കിട്ടിയ വിശുദ്ധ കല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനേക്കാൾ അതു അറിയാതിരിക്കുന്നതു അവർക്കു നന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കു സംഭവിച്ചു (2പത്രൊസ് 2:20-22).

ആകയാൽ ക്രിസത്യാനിയായി തീർന്നു എന്ന കാരണം കൊണ്ട് എന്നേക്കും രക്ഷിക്കപ്പെടും എന്നു വിചാരിക്കരുതു. കർത്താവിന്റെ

സഭയിൽ അംഗമായി തീർന്നു എന്നതു കൊണ്ട് നഷ്ടപ്പെടുകയില്ല എന്നു കരുതരുത്. മരണസമയത്തു നിങ്ങൾ ക്രിസ്ത്യാനി അല്ലായെങ്കിൽ പിന്നെ നിങ്ങൾക്കു ക്രിസ്ത്യാനി ആകുവാൻ സാദ്ധ്യമല്ല. ക്രിസ്ത്യാനി ആകാത്തവർക്കും ക്രിസ്ത്യാനിയായിട്ട് മരണം വരെ വിശ്വസ്തരായി ജീവിക്കാത്തവർക്കും മരിച്ചാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കാവുന്നതല്ല (വെളിപ്പാട് 2:10). നിങ്ങൾ രക്ഷിക്കപ്പെടുമെന്നും ആ രീതിയിൽ നിലനിൽക്കുമെന്നും നിങ്ങളെ കർത്താവിനു സമർപ്പിക്കുകയും ആജീവനാന്തം അവനെ സേവിക്കുകയും അനുസരിക്കുകയും ചെയ്യുമെന്നും ആണ് എന്റെ പ്രാർത്ഥന. അങ്ങനെ ചെയ്താൽ ദൈവം നിങ്ങളെ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും അനുഗ്രഹിക്കും.

അതെ, ലോകത്തിലുള്ള ആളുകൾ പാപത്തിൽ, ഇരുട്ടിൽ, ദുഷ്ടതയിൽ ആണ്. അവരുടെ നന്മയെക്കുറിച്ച് അധികമൊന്നും പറയാനില്ല. യേശുക്രിസ്തു മുന്നറിയിച്ചിരിക്കുന്നതു: ഇടുക്കുവാതിലൂടെ ജീവങ്കലേക്കു പോകുന്നവർ ചുരുക്കമാണെന്നും വിശാലമായ വഴിയിൽ കൂടെ പോകുന്നവർ അനേകരുമാണ് എന്നാണ് (മത്തായി 7:13,14). നിങ്ങളും ഞാനും പാപികളാണ്, അതിൽ യാതൊരു സംശയവുമില്ല. ഒന്നുകിൽ നാം രക്ഷിക്കപ്പെട്ടവരോ അല്ലെങ്കിൽ നഷ്ടപ്പെട്ടവരോ ആണ്. നിങ്ങൾ നഷ്ടപ്പെട്ടവനാകാം. പക്ഷെ അതിൽ നിലനില്ക്കേണ്ടതില്ല. കർത്താവിന്റെ ഇഷ്ടം എന്തെന്ന് കേൾക്കുക, അവനിൽ വിശ്വസിക്കുക, നിങ്ങളുടെ പാപത്തിൽ നിന്നു തിരിയുക, കർത്താവു ദൈവ പുത്രനെന്ന് മനുഷ്യരുടെ മുമ്പാകെ എറ്റു പറയുക, സ്നാനമേല്ക്കുക. ഇത്രയും ചെയ്യുമ്പോൾ ക്രിസ്തു നിങ്ങളെ രക്ഷിക്കും. നിങ്ങൾ അവിശ്വസ്തനായ ഒരു ക്രിസ്ത്യാനിയാണെങ്കിലും നിങ്ങൾ നഷ്ടപ്പെട്ടവനാണ്. നിങ്ങൾ മാനസാന്തരപ്പെട്ട്, തെറ്റുകൾ കർത്താവിനോടും സഹോദരങ്ങളോടും ഏറ്റു പറഞ്ഞു ക്ഷമാപണം സ്വീകരിക്കുക. ആരും നഷ്ടപ്പെട്ടുപോകരുതു എന്നാണ് ദൈവത്തിന്റെ ആഗ്രഹം. നാം രക്ഷിക്കപ്പെടേണ്ടതിനു ക്രിസ്തു മരിച്ചു നമുക്കുവേണ്ടി നല്കുന്ന രക്ഷയെ നമുക്കു സാക്ഷീകരിക്കാം. നാം അങ്ങനെ ചെയ്യുമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

✶

# വിഗ്രഹാരാധന

ബിംബങ്ങൾ, രൂപങ്ങൾ, ചിത്രങ്ങൾ ഇങ്ങനെ വിവിധ രീതിയിലും പേരിലും അറിയപ്പെടുന്ന ഒരു പതിഭാസത്തെ അനേകർ ന്യായീകരിക്കയും ചുരുക്കം ചിലർ അതിനെ എതിർക്കുകയും ചെയ്യുന്നു. അതിന്റെ ആവിർഭാവവും ഉദ്ദേശവും പിന്നീടുണ്ടായ മാറ്റങ്ങളും നമുക്കു പരിശോധിക്കാവുന്നതാണ്. ദൈവം ഏകനാണ്, അവൻ, തന്നെ വെളിപ്പെടുത്തിയിട്ടുമുണ്ട്. ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്ക് ഉണ്ടാകരുത്; ആകാശത്തിലോ ഭൂമിയിലോ വെള്ളത്തിലോ ഉള്ള യാതൊന്നിന്റേയും പ്രതിമ ഉണ്ടാക്കരുത്; അവയെ നമസ്കരിക്കയും അരുത് എന്ന് സകലത്തിന്റേയും ഉറവിടമായ ദൈവം അരുളിചെയ്തിരിക്കുന്നു (പുറപ്പാട് 20:3,4). ജീവനില്ലാത്ത വസ്തുക്കൾ കൊണ്ട് ജീവനുള്ളവയുടെ രൂപമെന്ന് വരുത്തിതീർക്കുക, ദൈവത്തേക്കാൾ ഉപരി മറ്റൊന്നിനെ സ്നേഹിക്കുക എന്നിവയാണ് വിഗ്രഹാരാധന എന്ന് പറയുന്നത്. പള്ളികളിലായാലും ക്ഷേത്രങ്ങളിലായാലും ദൈവത്തെ ഓർമിക്കുവാനും ഭയപ്പെടുവാനും ബിംബങ്ങളാണ് ഉണ്ടാക്കിവെച്ചിരിക്കുന്നത്. ഇതു ദൈവത്തിന്റെ ഇച്ഛക്കു വിപരീതമാണ്; ദൈവത്തെ തരം താഴ്ത്തുന്ന ഒന്നാണിതു: കാരണം ജീവനുള്ള ദൈവത്തെ അവർ ജീവനില്ലാതാക്കി തീർക്കുകയാണ് ചെയ്യുന്നതു.

ലോഹം കൊണ്ടോ, മരം കൊണ്ടോ, കല്ലു കൊണ്ടോ അല്ലെങ്കിൽ മറ്റെന്തെങ്കിലും ഒരു വസ്തു ഉപയോഗിച്ച് ദൈവത്തെ മെനഞ്ഞുണ്ടാക്കുകയാണ് ചെയ്യുന്നതു. ഇവിടെ സംഭവിക്കുന്ന വിരോധാഭാസമെന്തെന്നാൽ ദൈവമാണ് മനുഷ്യരെ മെനഞ്ഞുണ്ടാക്കിയത് ആ മനുഷ്യർ ദൈവത്തെ മെനഞ്ഞുണ്ടാക്കാൻ നോക്കിയാൽ എന്തായിരിക്കും സ്ഥിതി! അതാണ് ഇന്നു ലോകത്തിൽ നടക്കുന്നതു. മനുഷ്യന്റെ കൈപ്പണിയായ ഒന്നിലും ദൈവം വസിക്കുകയില്ല എന്ന് തിരുവെഴുത്തു പറയുമ്പോൾ വിഗ്രഹത്തെ ന്യായീകരിക്കുന്നവർ പറയുന്നതു: അതു വിഗ്രഹങ്ങളല്ല, ദൈവത്തെ പ്രതിനിധാനം ചെയ്യുന്ന ഓരോ ഘടകങ്ങൾ മാത്രമാണ് എന്നാണ്. പക്ഷെ അടിസ്ഥാനപരമായി അവർ തെറ്റു ചെയ്തുപോയി. ദൈവം പറഞ്ഞതു

യാതൊന്നിന്റേയും വിഗ്രഹം അരുത് എന്നത്രേ. ആ കാര്യം അവർ വിസ്മരിക്കയാവും. ദൈവത്തിന്റെ നേരിട്ടുള്ള കൽപനയെ ലംഘിക്കുന്ന ഒരു കുറ്റമാണ് ഇത് എന്നതിൽ തർക്കമില്ല. ഏതാനും ആരാധനാലയങ്ങളിൽ കാണപ്പെടുന്ന ബിംബങ്ങൾ ഒന്നും ബിംബങ്ങളല്ല എന്നും ക്ഷേത്രങ്ങളിൽ കാണുന്നതാണ് ബിംബങ്ങൾ എന്നും വാദിക്കുന്നവരുണ്ട്. വിഗ്രഹം എവിടെ ഇരുന്നാലും ആരുടേതായാലും, എന്തിനുവേണ്ടിയായിരുന്നാലും അതു ദൈവത്തോടുള്ള നിഷേധമാണ്. അറിഞ്ഞോ അറിയാതെയോ അനേകർ ഇതിനു കീഴ്പ്പെട്ട് പോകുന്നുണ്ട്. ആളുകൾക്കു ഭക്തി ജനിപ്പിക്കാനായാലും ദൈവത്തെ ഓർമ്മിക്കാനായാലും ശരി നാം ഇതു ചെയ്യാവുന്നതല്ല. ദൈവം വിലക്കിയിരിക്കുന്ന ഒന്നും പ്രവർത്തിക്കരുതു.

പഴയ നിയമത്തിൽ മാത്രമല്ല, പുതിയ നിയമത്തിലും ദൈവം ഇതിനെ വിലക്കിയിട്ടുണ്ട്. " അതുകൊണ്ട് പ്രിയരേ വിഗ്രഹാരാധന വിട്ടോടുവിൻ (1കൊരിന്ത്യർ 10:14)". കുഞ്ഞുങ്ങളേ വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചുകൊൾവിൻ (1യോഹന്നാൻ 5:21). ദൈവജനമായ ഇസ്രായേൽ മറ്റുദേശക്കാരുടെ ഇടയിൽ ജീവിച്ചതുകൊണ്ടാകാം അവരുടെ ഇത്തരം സംസ്ക്കാരത്തിലേക്കു തിരിയുന്നതു. മോശെ, ഇസ്രായേൽ ജനത്തെ മരുഭൂമിയിൽ കൂടെ നടത്തിക്കൊണ്ടു വരുമ്പോൾ മോശെയെ കാണാതെ അക്ഷമരായ ജനങ്ങൾ സ്വർണ്ണം കൊണ്ടൊരു കാളക്കുട്ടിയെ ഉണ്ടാക്കി. എന്നിട്ട് തങ്ങളെ മിസ്രയീമിൽ നിന്നു വിടുവിച്ചു കൊണ്ടുവന്ന യഹോവയായ ദൈവമാണ് അതെന്ന് അവർ പറഞ്ഞു. പക്ഷെ മോശെ ഇതു കണ്ടപ്പോൾ കോപം ജ്വലിച്ച് അതു ചുട്ടുപൊടിയാക്കി അവരെക്കൊണ്ടു കുടിപ്പിച്ചു. ദൈവത്തിനു എതിരായി പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയായാലും ദേശമായാലും ഫലം ദൈവകോപമായിരിക്കും വിഗ്രഹാരാധന അന്നും ഇന്നും ഒരു പ്രശ്നം തന്നെയാണ്. മനുഷ്യന്റെ ഭൗതികമായ ജീവിതനിലവാരം അവരുടെ ഗവേഷണഫലമായി നടത്തിയിട്ടുണ്ട്. പക്ഷെ മതപരമായ പ്രവൃത്തികളിൽ ആളുകൾ ഗവേഷണം നടത്തുവാൻ മുതിരുന്നില്ല. സാത്താൻ മനുഷ്യമനസ് കുരുടാക്കി വെച്ചിരിക്കുന്നതുകൊണ്ടാകാം.

നമുക്കറിയാം ശലോമോൻ വളരെ ബുദ്ധിശാലിയായിരുന്നു. യഹോവയുടെ പ്രമാണത്തെ അവൻ ലംഘിച്ചപ്പോൾ അവനും

ബുദ്ധിമാന്ദ്യം സംഭവിച്ചു. അന്യജാതിക്കാരത്തികളെ അവൻ തന്റെ ഭാര്യമാരാക്കി എടുത്തപ്പോൾ അവർക്കുവേണ്ടി അവരുടെ ദേവന്മാരെ പൂജിക്കുവാൻ അവർക്കു പുജാഗിരികളെ ഉണ്ടാക്കി. അതു കൊണ്ട് ദൈവം അവനോടു കോപിച്ചു. രാജ്യത്വം അവന്റെ പക്കൽ നിന്ന് പറിച്ച് അവന്റെ ദാസനു കൊടുത്തു. അതുപോലെ യെരോബയാം യിസ്രായേൽ ഭരിച്ചപ്പോൾ സ്വർണ്ണം കൊണ്ട് ഒരു കാളക്കുട്ടിയെ ഉണ്ടാക്കി ദാനിലും മറ്റൊന്ന് ഉണ്ടാക്കി ബെഥേലിലും പ്രതിഷ്ഠിച്ചു (1രാജാക്കന്മാർ 12:29). അതുകൊണ്ട് ആ ജനത്തിനു അതു വലിയ ശാപമായി മാറി. ഒന്നാം നൂറ്റാണ്ടിൽ സഭക്കും അതൊരു വലിയ പ്രശ്നമായി നേരിട്ടു. പുതിയ നിയമത്തിൽ അനേകം വേദഭാഗങ്ങൾ അതിനെ ഖണ്ഡിച്ച് സംസാരിക്കുവാൻ കാരണം മറ്റൊന്നുമല്ല. നമുക്കു ചുറ്റുപാടും നാമൊന്നു കണ്ണോടിച്ചാൽ എല്ലാ സ്ഥലത്തും വിഗ്രഹങ്ങൾ ഉള്ളതായി കാണാം. ഇന്ത്യയിൽ മാത്രമല്ല, ഭൂരിഭാഗം രാജ്യങ്ങളിലും ഈ മൂർത്തികളെ നമുക്കു ദർശിക്കാൻ കഴിയും. ഇവയെ നിർമ്മാർജ്ജനം ചെയ്യേണ്ട കാലം കഴിഞ്ഞിരിക്കുന്നു. ദൈവത്തിനു പ്രാധാന്യം കൊടുക്കേണ്ടതിനുപകരം മനുഷ്യരുടെ കരവിരുതിനു പ്രാധാന്യം കൊടുത്താൽ ദൈവത്തിന്റെ ക്രോധമായിരിക്കും അനുഭവപ്പെടുക.

✶

# യേശുവിന്റെ അമ്മ മറിയ

## ചോദ്യോത്തര പംക്തി

യേശുവിന്റെ അമ്മ മറിയയെ കുറിച്ച് എനിക്കു അധികമൊന്നും അറിഞ്ഞുകൂടാ അതുകൊണ്ട് ദയവായി ഒന്നു വിശദീകരിക്കാമോ?

ബൈബിൾ മറിയയെ സംബന്ധിച്ച് ധാരാളം വസ്തുതകൾ വിശദീകരിക്കുന്നുണ്ട്. എന്നാൽ കർത്താവ് തിരുവചനത്തിൽ വെളിപ്പെടുത്തിയിട്ടുള്ള ഏതാനും ഭാഗങ്ങൾ നമുക്കു ചിന്തിക്കാം. അതിനു ശേഷം പിന്നിട്ട നൂറ്റാണ്ടുകളിൽ കടന്നു കൂടിയ തത്വങ്ങളേയും ഉപദേശങ്ങളേയും നമുക്കു പരിശോധിക്കാം.

യേശുവിന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപ് താഴെ പറയുന്ന സംഭവങ്ങളിൽ മറിയയും ഉൾപ്പെടുന്നുണ്ട്.

1. ഗബ്രിയേൽ ദൂതൻ നസറേത്തിൽ വെച്ച് അവൾക്കു പ്രത്യക്ഷനായി അവൾ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും എന്നു അരുളിച്ചെയ്തു (ലൂക്കൊസ് 1:26–28).

2 മറിയ അവളുടെ ബന്ധു എലിശബെത്തിനെ സന്ദർശിക്കുന്നു. (ലൂക്കൊസ് 1:39–56)

3 ഒരു സ്വപ്നത്തിൽ യോസേഫിനു ദൈവദൂതൻ പ്രത്യക്ഷനാകുകയും മറിയ ഗർഭിണിയായിരിക്കുന്നതു പരിശുദ്ധാത്മാവിനാലാണെന്നും, അതുകൊണ്ട് അവളെ ചേർത്തുകൊള്ളാൻ ശങ്കിക്കേണ്ട എന്നും അറിയിച്ചു തൽഫലമായി യോസേഫ് മറിയയെ ചേർത്തു ഭാര്യയായി എടുത്തു (മത്തായി 1:18–24).

4 യോസേഫും മറിയയും ബേത്ത്ലഹേമിലേക്കു യാത്രതിരിക്കുകയും മറിയ ഒരു മകനെ പ്രസവിക്കയും ചെയ്യുന്നു (ലൂക്കൊസ് 2:1–7; മത്തായി 1:25)

5 ചില ആട്ടിടയൻമാരോടു അവന്റെ ജനനത്തെ അറിയിക്കുകയും അവർ യേശുവിനെ കാണുവാൻ പോകയും ചെയ്യുന്നു (ലൂക്കൊസ് 2:8–20)

6 യേശുവിനെ പരിഛേദന കഴിപ്പിച്ചു, പേരിട്ടു യെരുശലേമിലെ ദേവാലയത്തിൽ അവനെ കൊണ്ടു വരികയും ചെയ്തു (ലൂക്കോസ് 2:21–38; മത്തായി 1:25).

7 വിദ്വാന്മാർ കിഴക്ക് നിന്നു വന്ന് അവനെ സന്ദർശിക്കുകയും അവനു കാഴ്ച്ച സമർപ്പിക്കയും മടങ്ങിപോകുകയും ചെയ്യുന്നു. (മത്തായി 2:1–12)

8 ഹെരോദാ രാജാവ് യേശുവിനെ അന്വേഷിച്ച് കൊല്ലുവാൻ പദ്ധതി ഒരുക്കുന്നു; അങ്ങനെ ആ കുടുംബം മിസ്രയിമിലേക്കു രക്ഷപ്പെടുന്നു. അവൻ പിന്നീട് യിസ്രായേലിലെ നസറേത്തിൽ മടങ്ങി വന്നു അവിടെ താമസമുറപ്പിക്കുന്നു (മത്തായി 2:13–23).

9 ഹെരോദാ രാജാവ് യേശുവിനെഅന്വേഷിച്ച് കൊല്ലുവാൻ പദ്ധതി ഒരുക്കുന്നു; അങ്ങനെ ആ കുടുംബം പെസഹ ആഘോഷിക്കുവാൻ യെരുശലേമിൽ പോകുകയും പിന്നീട് മടങ്ങി നസറേത്തിലേക്ക് വരികയും ചെയ്യുന്നു (ലൂക്കൊസ് 2:41–51)

10 നസറേത്തിൽ വച്ച് യേശു വളരുവാൻ തുടങ്ങി. (ലൂക്കൊസ് 2:51,52)

യേശുവിന്റെ പരസ്യശുശ്രൂഷാവേളയിൽ താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങളിൽ മറിയയെയും നമുക്കു ദർശിക്കാം.

1 കാനാവിലെ കല്യാണ വിരുന്നിൽ യേശു വെള്ളം വീഞ്ഞാക്കി മാറ്റിയ ആ സന്ദർഭത്തിൽ മറിയയും ഉണ്ടായിരുന്നു (യോഹന്നാൻ 2:1–11).

2 കഫർന്നഹൂമിലേക്കു യേശു പോയപ്പോൾ അവന്റെ അമ്മ മറിയയും സഹോദരന്മാരും അവന്റെ ശിഷ്യന്മാരും ഉണ്ടായിരുന്നു (മത്തായി 2:12)

3 കഫർന്നഹൂമിലെ ഒരു വീട്ടിൽ യേശു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അവന്റെ അമ്മ മറിയയും അവന്റെ സഹോദരന്മാരും അവനെ കാണുവാൻ വന്നിരുന്നു (മത്തായി 12:46–50; മർക്കൊസ് 3:31–35).

4 യേശു ക്രൂശിൽ വെച്ച് മറിയയോടും അവന്റെ ശിഷ്യന്മാരിൽ ഒരാളോടും സംസാരിക്കുന്നുണ്ട്(യോഹന്നാൻ 19:25–27).

യേശുവിന്റെ ശുശ്രൂഷക്കു ശേഷം മറിയയെക്കുറിച്ച് രണ്ട് ഭാഗങ്ങളിൽ മാത്രമേ പ്രതിപാദിച്ചിട്ടുള്ളു.

1 യെരുശലേമിലെ ഒരു മാളിക മുറിയിൽ അപ്പൊസ്തലന്മാരും ഏതാനും സ്ത്രീകളും യേശുവിന്റെ സഹോദരന്മാരും മറിയയും പ്രാർത്ഥിച്ചുകൊണ്ടിരുന്നു (പ്രവൃത്തി 1:14).

2 ഗലാത്യലേഖനത്തിൽ പൗലൊസ് പേർ പറയാതെ അവളെ പരാമർശിച്ചിട്ടുണ്ട്. എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചതു നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ (ഗലാത്യർ 4:4).

യേശുവിന്റെ ശുശ്രൂഷാ സമയത്തു മറിയക്കു ശ്രദ്ധേയമായ പങ്കു സുവിശേഷത്തിൽ ഉള്ളതായി കാണുന്നുണ്ട്. പക്ഷെ യേശു, തനിക്കു 30 വയസ്സായപ്പോഴാണ് വേലക്കു ഇറങ്ങിയതു. അവന്റെ ഉയിർത്തെഴുന്നേൽപിനു ശേഷം അധികമൊന്നും മറിയയെക്കുറിച്ച് വായിക്കുന്നില്ല. മറിയയുടെ അവസാനത്തെ വാക്കുകളായിട്ടാണ് കാനാവിലെ കല്യാണവിരുന്നിൽ പ്രസ്താവിക്കുന്നതു (യോഹന്നാൻ 2:5). അതും യേശുക്രിസ്തു അത്ഭുതം പ്രവർത്തിക്കുന്നതിനു മുൻപായി മറിയ കുറഞ്ഞു വരികയും യേശുവളർന്നു വരികയും ചെയ്യുന്നു. അവന്റെ പരസ്യവേലക്കു മുൻപും ആ സമയത്തും ശ്രദ്ധിക്കത്തക്ക കേന്ദ്രബിന്ദു മറിയയായിരുന്നില്ല; ദൈവ പുത്രനായ ക്രിസ്തുവായിരുന്നു.

യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുൻപ് അവൻ തന്റെ അപ്പോസ്തലന്മാരോടു എന്റെ പിതാവ് നിങ്ങളുടെമേൽ അയപ്പാനിരിക്കുന്ന പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങളുടെ മേൽ വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തുകയും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹന്നാൻ 16:13). ഒന്നാം നൂറ്റാണ്ട് അവസാനിക്കുന്നതിനു മുമ്പ് തന്നെ യേശു, പരിശുദ്ധാത്മാവ് മുഖാന്തരം ദൈവേഷ്ടപ്രകാരമുള്ള അറിവ് പൂർണ്ണമായി വെളിപ്പെടുത്തി. അവന്റെ ജീവിത

കാലയളവിനുശേഷം അപ്പോസ്തലനായ പത്രൊാസ് എഴുതിയിരിക്കുന്നത് ദൈവം തന്റെ മഹത്വത്താലും വീര്യത്താലും നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതൊക്കെയും തിരുവചനത്തിൽ നൽകിയിരിക്കുന്നു (2പത്രൊാസ് 1:3). ന്യായപ്രമാണത്തിന്റെ തികവുള്ള ഒരു സ്വതന്ത്ര ജീവിതം പുതിയ നിയമത്തിൽ ദൈവം ഒരുക്കിയിരിക്കുന്നു.

അനേകം ദുരുപദേഷ്ടാക്കന്മാർ വരുമെന്നു യേശു മുന്നറിയിച്ചിട്ടുണ്ട് (മത്തായി 7:15; 24:11). അപ്പൊസ്തലന്മാരും ഇതേ മുന്നറിയിപ്പ് നല്കിയിട്ടുണ്ട് (പ്രവൃത്തി 20:29,30). ഒന്നാം നൂറ്റാണ്ടിൽ പോലും അനേകം കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കന്മാരും നുഴഞ്ഞുകയറി വന്നിരുന്നു. അവർ ക്രിസ്ത്യാനികളെ സത്യത്തിൽ നിന്നു വ്യതിചലിപ്പിച്ചിരുന്നു (2കൊരുന്ത്യർ 11:1315; ഗലാത്യർ 1:6,7 ; തീത്തൊസ് 1:10; 1യോന്നാൻ 2:18).

ബൈബിളിലില്ലാത്ത ദുരുപദേശത്തെ വിശ്വസിക്കയും പഠിപ്പിക്കുകയും ചെയ്താൽ തെറ്റുണ്ടോ? നാം മനുഷ്യരുടെ ഉപദേശപ്രകാരം ദൈവത്തെ ആരാധിച്ചാൽ അത് ദൈവം സ്വീകരിക്കുകയില്ല(മത്തായി 15:9). നൽകപ്പെട്ട സുവിശേഷത്തിനു വിരുദ്ധമായി മറ്റൊരു സുവിശേഷം അറിയിക്കുന്നവൻ ശപിക്കപ്പെട്ടവനാണ്(ഗലാത്യർ 1:8-10). തെറ്റു വിശ്വസിക്കുന്നവർക്ക് ദൈവത്തിൽനിന്ന് ലഭിക്കേണ്ട പ്രതിഫലം ലഭിക്കയില്ല (കൊലൊസ്യർ 2:8). ദൈവത്തിന്റെ സത്യത്തെ ആളുകൾ സ്നേഹിച്ചു കൈക്കൊള്ളാതിരുന്നാൽ അവർക്ക് ഭോഷ്ക്ക് വിശ്വസിക്കുവാനുള്ള അവസരം ദൈവം നൽകും. അങ്ങനെ അവർ എന്നേക്കും നഷ്ടപ്പെടുവാനിടയാകും. മനുഷ്യരെ അനുസരിക്കുന്നവർ അവരുടെ ശിഷ്യന്മാരായി തീരും. എന്നാൽ യേശുവിന്റെ ശിഷ്യന്മാരാകുവാൻ നാം അവന്റെ വചനത്തിൽ നിലനിൽക്കണം(യോഹന്നാൻ 8:31). യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവമില്ല(2യോഹന്നാൻ 9).

ഏതൊരു ഉപദേശത്തെയും നാം ബൈബിളുമായി പരിശോധിച്ച്, ദൈവത്തിൽനിന്നു തന്നെയാണോ എന്ന് ഉറപ്പുവരുത്തണം. സത്യവേദപുസ്തകത്തിൽ ഇല്ലാത്ത ഒന്നിലും നാം വിശ്വാസം അർപ്പിക്കരുത്. എ.ഡി.431 ൽ ഒരു മതസംഘടന മറിയയെ ദൈവമാതാവ്

എന്നു വിളിക്കുവാൻ തുടങ്ങി. പുതിയനിയമം എഴുതിത്തീർന്നു മുന്നൂറു വർഷങ്ങളോളം ഇങ്ങനെ ഒരു വിശ്വാസം ഇല്ലായിരുന്നു. എന്നാൽ ബൈബിളിൽ പറയുന്നത് യേശുവിന്റെ അമ്മ മറിയ എന്നാണ്(യോഹന്നാൻ 2:1). ദൈവമാതാവ് എന്ന് വിളിച്ചാൽ എന്താണ് കുഴപ്പം എന്ന് ആളുകൾ ചോദിച്ചേക്കാം. അവരുടെ പ്രസ്താവനക്ക് ആർജ്ജവമേകാൻ അവർ മറിയക്ക് ദൈവികത്വം കൽപിക്കുന്നു. അപ്പോൾ ദൈവങ്ങൾക്ക് അമ്മമാരുണ്ടെന്നും അവർക്കും ശക്തിയുണ്ടെന്നും അന്ധമായി വിശ്വസിക്കുന്ന മറ്റു മതങ്ങളെ പോലെ ഇവരും പറഞ്ഞ് വചനത്തിന്റെ ശക്തിയെ ഇല്ലാതാക്കുകയാണ്. ദൈവത്തിന് മാതാവും പിതാവുമില്ല. യേശുവിന് മനുഷ്യനായി പിറക്കുവാൻ ദൈവം തിരഞ്ഞെടുത്ത ഒരു പാത്രം മാത്രമാണ് മറിയ. അതിനപ്പുറമായി മറിയക്ക് ഒരു സ്ഥാനവും ബൈബിൾ നൽകുന്നില്ല. അതുപോലെ തന്നെയാണ് യോസേഫും. അതിനപ്പുറം യോസേഫിനും ഒരു സ്ഥാനമില്ല.

**നിത്യകന്യകാത്വമോ?**

ഒന്നാം നൂറ്റാണ്ടിന്റെ അവസാനം നോസ്റ്റിക്സുകാർ എന്ന ഒരു കൂട്ടം ആളുകളുണ്ടായി. അവർ ക്രിസ്തീയ ഉപദേശത്തോട് യവന തത്വചിന്തകൾ കൂട്ടിക്കലർത്തി പഠിപ്പിക്കുവാൻ തുടങ്ങി. എല്ലാ വസ്തുക്കളും ദോഷമുള്ളതാണ്, അതിൽ ജഡവും ഉൾപ്പെടുന്നു. അതുകൊണ്ട് ജഡസംബന്ധമായതെല്ലാം തിന്മയാണ് എന്നത്രെ അവരുടെ ചിന്ത. അതിനാൽ വിവാഹവും തിന്മയാണ്. വിവാഹം കഴിക്കാതെ ജീവിക്കുന്നതാണ് വിശുദ്ധി എന്നാണ് അവർ ധരിച്ചിരുന്നത്. യേശുവിന് ജന്മം നൽകിയശേഷവും മറിയ കന്യകയായി ജീവിച്ചു എന്നാണ് അവർ പഠിപ്പിച്ചിരുന്നത്. എന്നാൽ ബൈബിൾ പറയുന്നത് വിവാഹം എല്ലാവർക്കും മാന്യമാണ് എന്നത്രെ(എബ്രായർ 13:4). മറിയയെ യോസേഫ് പരിഗ്രഹിച്ചതായും അവൾക്ക് വേറെ മക്കളുണ്ടായതായും രേഖകൾ വ്യക്തമാക്കുന്നു(മത്തായി 13:55). തന്നെയുമല്ല, ഒരു സ്ത്രീ പ്രസവിച്ചുകഴിഞ്ഞാൽ അവളുടെ കന്യകാത്വം നഷ്ടമാകുമെന്നത് അവർ കണക്കാക്കുന്നില്ല.

✶

# മരിച്ചവർക്ക് വേണ്ടിയുള്ള സ്നാനം

## സണ്ണി ഡേവിഡ്

ബൈബിളിലെ ഒന്നു കൊരിന്ത്യർ 15-ാം അദ്ധ്യായത്തെ ഉയർപ്പിന്റെ അദ്ധ്യായം എന്നു വിളിക്കുന്നതിൽ അപാകതയുണ്ടെന്ന് തോന്നുന്നില്ല. ഭൂമിയിൽ ജീവിച്ച നീതിമാന്മാർക്കും നീതികെട്ടവർക്കും പ്രതിഫലം കൊടുക്കുവാൻ വീണ്ടും വരുമ്പോൾ അവരെല്ലാവരും ഉയർത്തെഴുന്നേൽക്കും എന്നത് ബൈബിളിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ്. "ക്രിസ്തു മരിച്ചിട്ട് ഉയർത്തെഴുന്നേറ്റു എന്ന് പ്രസംഗിച്ചുവരുന്ന അവസ്ഥക്ക്, മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്ന് നിങ്ങളിൽ ചിലർ പറയുന്നത് എങ്ങനെ? മരിച്ചവർക്ക് പുനരുത്ഥാനമില്ല എങ്കിൽ ക്രിസ്തുവും ഉയർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. മരിച്ചവർ ഉയർക്കുന്നില്ല എങ്കിൽ ദൈവം ഉയർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയർപ്പിച്ചു എന്ന് ദൈവത്തിന് വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിന് കള്ളസാക്ഷികൾ എന്നു വരും. മരിച്ചവർ ഉയർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയർത്തിട്ടില്ല. ക്രിസ്തു ഉയർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രെ. നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി. നാം ഈ ആയുസിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകലമനുഷ്യരിലും അരിഷ്ടന്മാരത്രെ"(1കൊരിന്ത്യർ 15:12 -19).

നമുക്ക് പുനരുത്ഥാനം ഉണ്ടെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്. പുനരുത്ഥാനം സംഭവിക്കുന്നത് ക്രിസ്തു രണ്ടാമത് വരുമ്പോഴാണ്. അവന്റെ വരവിലാണ് ന്യായവിധി നടക്കുന്നത്(പ്രവൃത്തികൾ 17:31). മനുഷ്യപുത്രനായ യേശു മരണം സ്വീകരിച്ചത് മരണത്തെ ജയിക്കുവാനാണ്. മരിച്ച് മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു വന്ന യേശുവിന് മാത്രമെ നമ്മെനീതീകരിക്കുവാനും രക്ഷിപ്പാനും കഴിയു. ശാരീരികമരണം പാപം നിമിത്തമാണ് ഉണ്ടാകുന്നത്. നമ്മെ ജീവിപ്പിക്കുവാൻ കർത്താ

വിന് മാത്രമെ കഴിയു. ശാരീരികമരണം താൽക്കാലികമായുള്ള വേർപാടാണെങ്കിൽ നിത്യമായ വേർപാടാണ് ആത്മിയ മരണം. ദൈവ ശക്തിയാൽ പിതാവായ ദൈവം യേശുവിനെ മരിച്ചവരിൽനിന്ന് എഴു ന്നേൽപിച്ച യാഥാർത്ഥ്യം എടുത്തുകാണിച്ചുകൊണ്ട് പൗലൊസ് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. അല്ല മരിച്ചവർക്ക് വേണ്ടി സ്നാന മേൽക്കുന്നവർ എന്തു ചെയ്യും? മരിച്ചവർ കേവലം ഉയർക്കുന്നില്ലെ ങ്കിൽ പിന്നെ അവർക്ക് വേണ്ടി സ്നാനം ഏല്ക്കുന്നത് എന്തിന്?(1 കൊരിന്ത്യർ 15:20).

ഒന്നാം നൂറ്റാണ്ടിൽ നിലവിലുണ്ടായിരുന്ന ഒരു ആചാരത്തെ ഉദ്ധരിച്ചുകൊണ്ട് പൗലൊസ് മരിച്ചവർക്ക് പുനരുത്ഥാനം ഉണ്ട് എന്ന് തെളിയിക്കുകയാണ്. അല്ലാതെ മരിച്ചവർക്ക് വേണ്ടി സ്നാനം കൊടു ക്കുന്നത് ബൈബിൾ ഉപദേശമല്ല. ബൈബിളിൽ ഒരു സ്ഥലത്തും അങ്ങനെ ചെയ്യുവാൻ ആവശ്യപ്പെടുന്നുമില്ല. സ്നാനപ്പെടാതെ മരി ച്ചുപോയവർക്ക് വേണ്ടി ജീവിച്ചിരിക്കുന്നവർ സ്നാനമേൽക്കുന്ന ഒരാചാരം നിലവിലുണ്ടായിരുന്നതിനെയാണ് പൗലൊസ് അവിടെ പറയുന്നത്. ഇത് ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ ഉളവാക്കിയിട്ടു ണ്ട്. കൊരിന്ത്യർക്ക് സത്യം മനസിലാക്കിക്കൊടുപ്പാൻ ഒരു ഉദാഹ രണം പറഞ്ഞു എന്നതിനപ്പുറമായി ആരും അതിനെ കണക്കാക്കരു ത്.

കൊരിന്ത്യയിലുണ്ടായിരുന്നവർ പല കാര്യത്തിലും അജ്ഞരാ യിരുന്നു. നമുക്ക് ഇന്നുള്ളതുപോലെ അന്ന് പരിശോധിക്കുവാൻ എഴുതപ്പെട്ട വചനം പൂർണ്ണമായി ലഭിച്ചിരുന്നില്ല. അതുകൊണ്ട് അവ രിൽ പല തെറ്റിദ്ധാരണകളുമുണ്ടായിരുന്നു. അക്കാരണത്താൽ കൊരി ന്ത്യയിലെ ആളുകളിൽ അസംഖ്യം പാപസ്വഭാവമുണ്ടായിരുന്നു. വര ങ്ങളെ കുറിച്ച്, കർത്തൃമേശയെ കുറിച്ച്, ഭിന്നിപ്പുണ്ടാക്കുന്നത് എന്നു വേണ്ട നിരവധി വൈകൃതങ്ങൾ അവരിലുണ്ടായിരുന്നു. പുനരു ത്ഥാനം ഇല്ല എന്ന് പഠിപ്പിക്കുന്നവർ അന്നുണ്ടായിരുന്നു. അവരെ ഖണ്ഡിച്ച് സംസാരിക്കുകയായിരുന്നു പൗലൊസ്.

✶

# മതപരമായ കാര്യങ്ങൾ തെറ്റായി ഉപയോഗിക്കുന്നത്

## മൈക്കിൽ സി.ജി

ശമുവേൽ യിസ്രായേലിന്റെ ന്യായാധിപൻ ആയിരുന്ന സമയത്ത് യിസ്രായേലും ഫെലിസ്ത്യരും തമ്മിൽ യുദ്ധത്തിലേർപ്പെട്ടിരുന്നു. ആ ആക്രമണത്തിൽ യിസ്രായേലിന്ന് നന്നായി യുദ്ധം ചെയ്യുവാൻ കഴിഞ്ഞില്ല. തന്നെയുമല്ല, നാലായിരം പേർ നഷ്ടപ്പെടുകയും ചെയ്തു. നിയമപെട്ടകം അവരോടൊപ്പം ഇല്ലാതിരുന്നതുകൊണ്ടാണ് പരാജയം നേരിട്ടത് എന്നാണ് യിസ്രായേൽ മൂപ്പന്മാർ വിലയിരുത്തിയത്. അങ്ങനെ യഹോവയുടെ പെട്ടകം പാളയത്തിലേക്ക് കൊണ്ടുവരുവാൻ തീരുമാനമെടുത്തു. അത് അവരുടെ ശത്രുക്കളിൽനിന്ന് അവരെ രക്ഷിക്കുമെന്ന് അവർ വിചാരിച്ചു. വീണ്ടും യുദ്ധം ആരംഭിച്ചു പക്ഷെ അതുകൊണ്ടും അവർക്ക് വിജയിക്കുവാനായില്ല. ഈ പ്രാവശ്യം അവരുടെ സൈന്യത്തിലെ മുപ്പതിനായിരം പേർ കൊല്ലപ്പെട്ടു. നിയമപെട്ടകവും ശത്രുസൈന്യം പിടിച്ചെടുത്തത് അവരെ കൂടുതൽ പരിഭ്രാന്തരാക്കി(1ശമുവേൽ 4:1-11).

യിസ്രായേൽ ഒരുപക്ഷെ കലക്കത്തിൽ ആയിരുന്നേക്കാം. എന്തുകൊണ്ട് നിയമപെട്ടകം അവരെ വിജയത്തിലേക്ക് നയിച്ചില്ല? മുൻപൊക്കെ അവരെ വിജയിപ്പിച്ചത് നിയമപെട്ടക സാമീപ്യം മാത്രമല്ല, അവർ ദൈവത്തെ അനുസരിച്ചതുകൊണ്ടുകൂടെയാണെന്ന യാഥാർത്ഥ്യം അവർ തിരിച്ചറിഞ്ഞില്ല(പുറപ്പാട് 23:20-33).

ക്രിസ്ത്യാനി എന്ന വാക്ക് ഇന്ന് പലരും തെറ്റായി ഉപയോഗിക്കുന്നുണ്ട്. സുവിശേഷം അനുസരിച്ച് യേശുവിന്റെ ശിഷ്യന്മാരായി ജീവിച്ചവരെയാണ് അന്ന് ക്രിസ്ത്യാനികൾ എന്ന് വിളിച്ചിരുന്നത്. (പ്രവൃത്തികൾ 11:26; 1പത്രൊസ് 4:16).എന്നാൽ ഇന്ന് ക്രിസ്ത്യാനികൾക്ക് ജനിച്ച ശിശുക്കളെ ക്രിസ്ത്യാനികൾ എന്ന് വിളിക്കാറുണ്ട്.ആ നാമം മഹത്തായി തീരുവാൻ കൊടുത്ത വില വളരെ വലുതാണ്. പഴയനിയമത്തിൽ എന്റെ നാമം വൃഥാ എടുക്കരുത് എന്ന് ദൈവം കർശനമായി പറഞ്ഞിരുന്നു. പുതിയനിയമം പഴയനിയമത്തേക്കാൾ ശ്രേഷ്ഠമായതുകൊണ്ട് യേശുവിനോടുള്ള ബഹുമാനവും ആദരവും

നാം നഷ്ടപ്പെടുത്തരുത്. ആളുകൾക്കും സ്ഥാപനങ്ങൾക്കും വസ്തുക്കൾക്കും ആ നാമം ആളുകൾ ഉപയോഗിക്കുന്നുണ്ട്. ഇനി എന്തിനെല്ലാം ക്രിസ്തുവിന്റെ പേർ ഉപയോഗിക്കുവാനിരിക്കുന്നു എന്ന് കണ്ടറിയണം. ക്രിസ്തുവിന്റെ നാമം സകലനാമത്തിലും മേലായ നാമമെന്ന് നാം പാട്ടുപാടും പക്ഷെ അവനെ മഹത്വപ്പെടുത്തേണ്ട നാമത്തെ നാം എങ്ങനൊണ് ഉപയോഗിക്കുന്നത് എന്ന് ഓരോരുത്തരും ചിന്തിക്കുന്നത് നന്നായിരിക്കും.

ദുരുപയോഗത്തിലിരിക്കുന്ന മറ്റു വാക്കുകളാണ്, "അത്ഭുതം" "സുവിശേഷസംഗീതം," "പാസ്റ്റർ" "സഭ," "രോഗശാന്തിശുശ്രൂഷ" തുടങ്ങിയവ. എന്നാൽ ഏറ്റവും ദുഷിക്കപ്പെടുന്ന രീതിയിൽ ദൈവത്തിന്റേയും ക്രിസ്തുവിന്റേയും നാമം ഉപയോഗിക്കുന്നതാണ് കഷ്ടം. പലർക്കും അവരുടെ ഭൗതികജീവിതത്തിലെ വിടവു നികത്തുവാനുള്ള നാമമായി അവയെ കാണുന്നു. ആ പേർ സ്വീകരിച്ചാൽ അതിൽനിന്നു ഭൗതിക ഉയർച്ച ലഭിക്കുമെന്ന് വിശ്വസിക്കുന്നവരുണ്ട്. അത്തരം ലൗകികകാഴ്ച്ചപ്പാട് ദൈവവ്യവസ്ഥക്ക് കടകവിരുദ്ധമാണ്. ദൈവനാമം വിശുദ്ധവും ഭയങ്കരവുമാണെന്ന് സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നു(സങ്കീർത്തനങ്ങൾ 111:10). ദൈവത്തിന്റേയും അവന്റെ പുത്രന്റേയും നാമം നാം ആദരവോടുകൂടെ മാത്രമെ എടുക്കാവു. സഭയുടെ ഉദ്ദേശത്തെയും ആളുകൾ തെറ്റിദ്ധരിച്ചവണ്ണം തെറ്റായി ഉപയോഗിച്ചു കാണുന്നുണ്ട്. സഭയുടെ ലക്ഷ്യം സാമൂഹ്യസേവനമോ രാഷ്ട്രീയമോ അല്ല, മറിച്ച് ആത്മാക്കളുടെ രക്ഷയാണ്.

ലോകസുവിശേഷീകരണവും അംഗങ്ങളുടെ ആത്മിയ വർദ്ധനയും ആയിരിക്കണം സഭയുടെ ഉദ്ദേശം. ഭൗതികമായ ലാഭം പ്രതീക്ഷിച്ച് സഭയുടെ പേരിൽ എന്തു നടത്തുന്നതും തെറ്റാണ്. പരമാർത്ഥത്തിൽ സഭയിലുള്ളവർ ലോകത്തിന് ഉപ്പും വെളിച്ചവുമാകണം എന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. ലോകത്തെ കീഴ്മേൽ മറിക്കുവാനുള്ള ശക്തി സുവിശേഷത്തിനുണ്ട്. അതുകൊണ്ട് സുവിശേഷം അനുസരിച്ച് ആളുകൾ ജീവിക്കുകയും അത് അറിയാത്തവരിലേക്ക് എത്തിക്കുകയും വേണം. ക്രിസ്ത്യാനിത്വം എന്നത് സത്യവും നീതിയും, ന്യായവും ലോകത്തിന് കാണിച്ചുകൊടുക്കുക എന്നാണ്. കാരണം ലോകത്തിൽ അവയെല്ലാം നഷ്ടപ്പെട്ടുകൊണ്ടാണിരി

ക്കുന്നത്. ദൈവത്താലാണ് സകലവും സാധ്യമാകുന്നത് എന്ന തിരിച്ചറിവാണ് എല്ലാവരിലും വേണ്ടത്. പ്രസംഗപീഠവും ധാരാളം പേർ ദുരുപയോഗം ചെയ്യുന്നുണ്ട്. ഒരാളുടെ അഭിപ്രായപ്രകടനം നടത്തുവാനോ, തർക്കമൊ, വിദ്വേഷമോ ജനിപ്പിക്കുകയോ ചെയ്യുന്ന വാക്കുകൾ ഉപയോഗിക്കുവാനോ ഉള്ളതല്ല പ്രസംഗപീഠം. അത് ദൈവത്തിന്റെ അരുളപ്പാട് സംസാരിക്കുന്നതിനും കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ഉപ്പിനാൽ രുചി വരുത്തുന്നതുമായ വാക്കുകൾ പ്രസ്താവിക്കേണ്ടതിനും ആയിരിക്കണം ഉപയോഗിക്കേണ്ടത്(1തിമൊഥെയൊസ് 6:3-5).

✶

സ്ത്രീകൾക്കു വേണ്ടി

## വീട്ടിലെ അവളുടെ ശക്തി

### ബെറ്റി.B.C

വിശ്വാസപൂർവ്വം ദൈവത്തെ അനുസരിച്ച ഒരാളായിരുന്നതുകൊണ്ട് ദൈവം അവനോട് അരുളിച്ചെയ്തു: "ഞാൻ നിന്നെ വലിയോരു ജാതിയാക്കും, നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും; നിന്നിൽ ഭുമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും"(ഉൽപത്തി 12:2, 3). അവൻ തന്റെ ഭാര്യയേയും മക്കളേയും യഹോവയുടെ ഉപദേശപ്രകാരം ജീവിക്കുവാൻ പ്രബോധിപ്പിച്ചിരുന്നു. യഹോവയുടെ ചട്ടങ്ങളും പ്രമാണങ്ങളുമായിരുന്നു അവരുടെ വഴികാട്ടി. അതിന് യാതൊരു വിട്ടുവീഴ്ച്ചയും അവന്റെ ഭാഗത്തുനിന്നുണ്ടായില്ല. ദൈവവാഗ്ദാനങ്ങൾ അവന്റെ ജീവിതത്തെ അനുഗ്രഹിച്ചു. പ്രായാധിക്യത്തിലായിരുന്നിട്ടും ദൈവം അവർക്ക് ഒരു മകനെ നൽകി. അവൻ വാഗ്ദത്തപ്രകാരം ജനിച്ച സന്തതിയായിരുന്നു.

അബ്രഹാമിന്റെ മകൻ യിസഹാക്ക് ദൈവത്തിൽ വിശ്വസ്തനായി ജീവിച്ചിരുന്നു. അവന്ന് രണ്ടു പുത്രന്മാരുണ്ടായിരുന്നു. യാക്കൊബും ഏശാവും. ഏശാവ് വളർന്നപ്പോൾ അവൻ അന്യദേശക്കാരത്തികളെ വിവാഹം ചെയ്തു. അതുകൊണ്ട് അവന്റെ സന്തതികൾ ആ സ്വാധീനത്താൽ അന്യദേവന്മാരിലേക്ക് തിരിയുകയും ചെയ്തു. വിഗ്രഹാരാധികളായിരുന്ന ഏശാവിന്റെ ഭാര്യമാരെ കുറിച്ച് ഉൽപത്തി 26-ാം അദ്ധ്യായം 34-ാം വാക്യത്തിൽ പറയുന്നുണ്ട്. അക്കാരണത്താൽ

റിബേക്കക്കും യിസഹാക്കിനും മനോവ്യസനമുണ്ടായതായും രേഖ പ്പെടുത്തിയിട്ടുണ്ട്.

പിന്നെ റിബേക്ക യിസഹാക്കിനോട്, “ഈ ഹിത്യസ്ത്രീകൾ നിമിത്തം എന്റെ ജീവൻ എനിക്ക് അസഹ്യമായിരിക്കുന്നു. ഈ ദേശ ക്കാരത്തികളായ ഇവരെപോലെ ഒരു സ്ത്രീയെ യാക്കൊബ് വിവാഹം കഴിച്ചാൽ ഞാൻ എന്തിന് ജീവിക്കുന്നു” എന്നു പറഞ്ഞു( ഉൽപത്തി 27:46). ദൈവത്തിലുള്ള വിശ്വാസത്തിന്മേലാണ് ഭവനം തീർക്കേണ്ടതെന്നും വിവാഹത്തിന്റെ യഥാർത്ഥ ആവശ്യത്തേയും റിബേക്ക തിരിച്ചറിഞ്ഞിരുന്നു. അത് ഭാര്യമാരുടേയും ഭർത്താക്ക ന്മാരുടേയും ഹൃദയത്തിൽനിന്ന് ഉത്ഭവിക്കയും വേണം. ചരിത്രം പരിശോധിച്ചാൽ അത് എത്ര പ്രാധാന്യമുള്ള വസ്തുതയാണെന്ന് മനസിലാകും. തുല്യവിശ്വാസത്തിലുള്ളവർ തമ്മിലേ വിവാഹം കഴി ക്കാവു എന്ന് മാതാപിതാക്കൾ പറയുന്നത് എത്ര അന്വർത്ഥമാണ്! അതുകൊണ്ടുണ്ടാകുന്ന ദൈവാനുഗ്രഹം വളരെ ഉയർന്നതാണ്.

റിബേക്കയുടെ നിർബന്ധപ്രകാർമാണ് യാക്കൊബ് തന്റെ അമ്മ യുടെ സഹോദരനായിരുന്ന ലാബാന്റെ ഹാരാനിലുള്ള വീട്ടിലേക്ക് പോയത്. അവിടെ അവൻ തന്റെ ചാർച്ചയിലുള്ള സഹോദരിയായ റാഹേലിനെ കണ്ടുമുട്ടി. അവളോ ഏകസത്യദൈവത്തെ വണങ്ങി വന്നവളായിരുന്നു. ഉടനെ അവൻ അവളെ അഗാധമായി സ്നേഹി ച്ചു. അതുകൊണ്ട് അവളെ ഭാര്യയായി കിട്ടുവാൻ വർഷങ്ങളോളം അവൻ അവിടെ സേവനം നടത്തി. അങ്ങനെ യാക്കൊബ് റാഹേ ലിന് വേണ്ടി ഏഴ് സംവൽസരം സേവനം നടത്തി. അവളെ അവൻ സ്നേഹിച്ചതുകൊണ്ട് അത് അവന് അൽപകാലം പോലെ തോന്നി. (ഉൽപത്തി 29:20). അതിന്റെ അവസാനം ലാബാൻ ഒരുപായം പ്രയോ ഗിച്ചു. അവന്റെ ഇളയ മകളായ റാഹേലിന് പകരം മൂത്ത മകളായ ലേഖയെ വിവാഹം കഴിച്ചുകൊടുത്തു.

സൃഷ്ടിയുടെ ആരംഭത്തിൽ, വിവാഹത്തിനുള്ള ദൈവപദ്ധതി ഒരു പുരുഷന്ന് ഒരു സ്ത്രീ എന്നതായിരുന്നു. ആദാമിനോടും ഹവ്വ യോടും ദൈവം പറഞ്ഞത്, അതുകൊണ്ട് പുരുഷൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോട് പറ്റിച്ചേരും എന്നാണ്(ഉൽപത്തി 2:24).

ദൈവേഷ്ടത്തിന് വിപരീതമായി അക്കാലത്ത് ആളുകൾ പൊതു വിൽ ഒന്നിലധികം ഭാര്യമാരെ എടുക്കുന്നത് അംഗീകരിക്കപ്പെട്ടു.

ദൈവം അത് സമ്മതിച്ചില്ലെങ്കിലും അത് സഹിച്ചുവന്നു. യാക്കൊബിന്റെ കാര്യത്തിലാണെങ്കിൽ അവൻ റാഹേലിനെ സ്നേഹിച്ചു.

അതുകൊണ്ട് അവൻ അവളെ തിരഞ്ഞെടുത്തു. അവൻ അവളെ മാത്രമെ വിവാഹം കഴിക്കുമായിരുന്നുള്ളു. ഏഴ് വർഷക്കാലം അവൻ തന്റെ ഉടമ്പടിയിൽ ഉറച്ചു നിന്നിരുന്നു. തന്റെ മണവാട്ടി റാഹേൽ ആയിരിക്കും എന്ന ഉത്തമമായ ബോധ്യത്തിലാണ് അവൻ വിവാഹ ദിവസം വരെ കാത്തിരുന്നത്. ആ ഏക ലക്ഷ്യത്തോടെയാണ് അവൻ വിവാഹത്തിന് ഒരുങ്ങിയത്.പക്ഷെ ലാബാൻ റാഹേലിനു പകരം മൂത്തമകൾ ലേയയെയാണ് ഭാര്യയായി കൊടുത്തത്. രാത്രിയിലായതുകൊണ്ട് അപ്പോൾ അവന് തിരിച്ചറിയുവാൻ കഴിഞ്ഞില്ല. നേരം വെളുത്തപ്പോൾ യാക്കൊബ് ലാബാനോട് നീ ഇങ്ങനെ ചെയ്തത് എന്ത് എന്നു ചോദിച്ചു. റാഹേലിന്നു വേണ്ടിയല്ലൊ ഞാൻ നിന്നെ സേവിച്ചത്, നീ എന്നെ ചതിച്ചത് എന്ത് എന്നു ചോദിച്ചു?(ഉൽപത്തി 29:25).

അതിന്നു ലാബാന്റെ വിവരണം, അവരുടെ സമ്പ്രദായമനുസരിച്ച് മൂത്തമകൾ ഇരിക്കുമ്പോൾ, ഇളയമകളെ വിവാഹം ചെയ്ത് അയക്കുന്നത് യോഗ്യമല്ല എന്നായിരുന്നു. വീണ്ടും ഒരു ഏഴ് വർഷം കൂടെ യാക്കൊബ് ലാബാനെ സേവിച്ചാൽ റാഹേലിനെ വിവാഹം ചെയ്തുകൊടുക്കാമെന്ന് ലാബാൻ നിർദ്ദേശിച്ചു. യാക്കൊബ് റാഹേലിനെ അത്രമാത്രം സ്നേഹിച്ചതുകൊണ്ട് അവൻ ലാബാന്റെ ഈ ഉടമ്പടിയും സ്വീകരിച്ചു.

. ബഹുഭാര്യാത്വം സ്വീകരിച്ചതുകൊണ്ടുണ്ടായ അനന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു? അവർ സന്തോഷമുള്ള നല്ല കുടുംബജീവിതം നയിച്ചോ? ഇല്ല. യാക്കൊബ് ലേയയേക്കാൾ റാഹേലിനെ സ്നേഹിച്ചു എന്നാണ് ബൈബിൾ വ്യക്തമാക്കുന്നത്(ഉൽപത്തി 29:30). അവൻ തിരഞ്ഞെടുത്തത് റാഹേലിനെ ആയിരുന്നതുകൊണ്ട് സ്വാഭാവികമായും അങ്ങനെയേ സംഭവിക്കയുള്ളു. എന്നാൽ അത് അസൂയക്ക് കാരണമായി. അധികം സ്നേഹിക്കപ്പെടാതിരുന്ന ലേയ ഒരു മകനെ പ്രസവിച്ചു. ഈ സമയത്ത് റാഹേൽ യാക്കൊബിന്ന് മക്കളെ പ്രസവിക്കയില്ല എന്ന് കണ്ട് അവൾക്ക് ലേയയോടും അസൂയയുണ്ടായി. വേദനയും വൈകാരികമായ പ്രശ്നങ്ങളുമാണ് ആ സഹോദരിമാരിൽ പിന്നീടുണ്ടാകുന്നത്. അങ്ങനെയുള്ള പ്രശ്നങ്ങൾ സങ്കീർണ്ണമായാൽ പലതും സംഭവിക്കാം.

# വാർത്തകൾ

## അവകാശത്തർക്കം മുറുകുമ്പോൾ

മുല്ലപ്പെരിയാർ അണക്കെട്ടിന്മേൽ നിലവിലുള്ള അധികാരങ്ങ ളെല്ലാം നഷ്ടപ്പെടുമെന്നതാണ് പുതിയ അണക്കെട്ട് എന്ന കേരളി ത്തിന്റെ ആവശ്യത്തെ ഏതിർക്കാൻ തമിഴ്നാടിനെ പ്രേരിപ്പിക്കുന്ന ത്.

✶

## വിദ്യാർഥിയെ നുള്ളി മുറിവേൽപ്പിച്ചു

മുഖത്തു നോക്കി ചിരിച്ചെന്ന് ആരോപിച്ച് വിദ്യാർഥിയെ അധ്യാ പകൻ നുള്ളി പരുക്കേൽപ്പിച്ചെന്നു പരാതി. ഗവ. എച്ച്എസ്എസിലെ എട്ടാം ക്ലാസ് വിദ്യാർഥി അനന്തനാണ് പ്രാകൃത ശിക്ഷക്ക് ഇരയാ യത്.

✶

## ബാങ്കുകളുടെ റേറ്റിങ്

ആഗോളതലത്തിൽ 15 വൻകിട ബാങ്കുകളുടെ റേറ്റിങ് സ്റ്റാൻഡേർഡ് ആൻഡ് പൂവേഴ്സ് കുറച്ചു. ഇതിൽ ബാങ്ക്ഓഫ് അമേ രിക്ക, സിറ്റി ഗ്രൂപ്പ് തുടങ്ങിയവയും ഉൾപ്പെടുന്നു.

✶

## രക്ഷിച്ച് കാൽ നൂറ്റാണ്ട്.

ടൂറിസം രംഗത്ത് കടലോര ബീച്ചുകളിലെ ലൈഫ്ഗാർഡ് സേവ നത്തിന് 25 വർഷം തികഞ്ഞതിനോടനുബന്ധിച്ച് 31 വരെ നീളുന്ന രജതജൂബിലി ആഘോഷത്തിന് ഇന്നലെ കോവളത്തു തുടക്കമാ യി.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## വ്യാജ ലൈസൻസ് യാത്രക്കാരൻ പിടിയിൽ

വ്യാജ ലൈസൻസുമായി നമ്പർ പതിക്കാത്ത ബൈക്കിൽ യാത്ര ചെയ്തയാളെ മൊബേൽകോടതി പിടികൂടി വലിയതുറ പൊലീസിനു കൈമാറി.

★

## കോടതി ഉത്തവിനു തുല്യം

കക്ഷികൾ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ലോക് അദാലത്ത് പാസാക്കുന്ന ഉത്തരവുകൾ സിവിൽകോടതിയുടെ ഉത്തരവിനു തുല്യമാണെന്ന് സുപ്രീം കോടതി വ്യക്തമാക്കി.

★

## മുതിർന്ന പൗരന്മാർ ഉപവസിച്ചു.

കേരളത്തിലെ മുതിർന്ന പൗരന്മാർ സാരമായി ബാധിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി സീനിയർ സിറ്റീസൻസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ സെക്രട്ടേറിയറ്റ് പടിക്കൽ രാവിലെ മുതൽ വൈകിട്ടു വരെ ഉപവാസ സമരം നടത്തി.

★

## ജനം ഭയന്നു

പഞ്ചായത്ത് സ്വദേശി വിതുര പൊലിസ് സ്റ്റേഷനു സമാപം താമസിക്കുന്ന ആമ്പാടി ഭനിൽ സിങ്ങിന്റെ വീട്ടിൽ തീപിടിത്തം. സംഭവസമയത്തു വീട്ടിൽ ആളില്ലാത്തതിനാൽ ദുരന്തം ഒഴിവായി.

★

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ
വർഗ്ഗീസ്
പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും
രാവിലെ 6 മണിക്ക്
ജയ്ഹിന്ദ് ടിവിയിൽ
കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m.<br>(Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 December**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*
*The*
# CHURCH OF CHRIST
Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378